ആലപ്പുഴ ജില്ലയിൽ എക്സൈസ് വകുപ്പിൽ **വനിത എക്സൈസ് ഗാർഡ്** (**കാറ്റഗറി നമ്പർ 240/2010**) തസ്തികയുടെ തെരഞ്ഞെടുപ്പിലേക്കായി 2013 ഒക്ടോബർ 24 മുതൽ 31 വരെ നടന്ന ശാരീരിക അളവെടുപ്പിലും കായികക്ഷമതാ പരീക്ഷയിലും വിവിധ കാരണങ്ങളാൽ പങ്കെടുക്കാൻ സാധിക്കില്ലെന്നും ആയതിനായി മറ്റൊരു തീയതി അനുവദിക്കണമെന്നും സൂചിപ്പിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായി **20.11.2013-ന് തിരുവനന്തപുരം പേരൂർക്കട എസ് എ പി ഗ്രൗണ്ടിൽ വച്ച്** ശാരീരിക അ ളവെടുപ്പും കായികക്ഷമതാ പരീക്ഷയും നടത്താൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ഉദ്യോഗാർത്ഥികൾ 6 മാസത്തിനകം എടുത്ത പേരും തീയതിയും രേഖപ്പെടുത്തിയ പാസ്സ്പോർട്ട് സൈസ് ഫോട്ടോ, ഐഡൻറിറ്റി പ്രൂഫ്, എസ് എസ് എൽ സി ബുക്ക്, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർ തഹസീൽദാരിൽ കുറയാത്ത റവന്യൂ അതോറിറ്റിയിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്, മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ G.O(P) No. 81/2009/SC/ST/DD dated 26.09.2009 പ്രകാരമുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് മെഡിക്കൽ സർട്ടിഫിക്കറ്റ് (അഡ്മിഷൻ ടിക്കറ്റിനൊപ്പം മുൻപ് അയച്ച് തന്നിട്ടുള്ളത്-മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്) എന്നിവയുടെ അസ്സൽ പ്രമാണങ്ങളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം രാവിലെ 6.00 ന് നേരിട്ട് ഹാജരാകേണ്ട താണ്. ഒരിക്കൽ കായികക്ഷമതാ പരീക്ഷയിൽ ഹാജരായവർ വീണ്ടും ഹാജരാകേണ്ടതില്ല. ഉദ്യോഗാർത്ഥികൾക്ക് ഇതോടനുബന്ധിച്ച് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതല്ല.